**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **10-10-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2002 ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കൂളുകളിൽ ബാച്ച് തിരിച്ച് ആകെ പിരീഡുകൾ കണക്കാക്കുമ്പോൾ ഹയർസെക്കണ്ടറി ജൂനിയർ അധ്യാപക തസ്തിക നിർണ്ണയത്തിന് കണക്കാക്കിയിരുന്ന അധിക പിരീഡുകൾ 3, 6, 9 എന്ന ക്രമത്തിലായിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | **29.11.2002 ലെ GO(Ms) No.398/2002/G.Edn. ഉത്തരവ് പ്രകാരം ഓരോ വിഷയത്തിലും ഒരു സ്കൂളിൽ നിലവിലുള്ളത് ഒരു ഹയർസെക്കന്ററി അധ്യാപക തസ്തികയാണെങ്കിൽ ആഴ്ചയിൽ 3 അധിക പീരിയഡിന് ഒന്ന്, രണ്ട് ഹയർസെക്കന്ററി അധ്യാപക തസ്തികയാണെങ്കിൽ ആഴ്ചയിൽ 6 അധിക പീരിയഡിന് ഒന്ന്, രണ്ടിലധികം ഹയർസെക്കന്ററി അധ്യാപക തസ്തികയാണെങ്കിൽ ആഴ്ചയിൽ 9 അധിക പീരിയഡിന് ഒന്ന് എന്ന ക്രമത്തിലാണ് ഹയർസെക്കന്ററി ജൂനിയർ അധ്യാപക തസ്തിക നിർണയിക്കപ്പെട്ടിരുന്നത്.** |
| (ബി) | പ്രസ്തുത ഉത്തരവ് 2017 ൽ ഭേദഗതി വരുത്തിയപ്പോൾ ജൂനിയർ അദ്ധ്യാപിക തസ്തികയ്ക്ക് വേണ്ട മിനിമം പിരീഡുകൾ മൂന്നിൽ നിന്നും ആറിന് പകരം ഏഴിലേക്ക് ഫിക്സ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | **ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പീരിയഡുകളുടെ സമയദൈർഘ്യം 45 മിനിട്ടിൽ താഴെയാണ്. 3 അധിക പീരിയഡുകൾക്ക് ഒരു ജൂനിയർ അധ്യാപക തസ്തിക അനുവദിക്കുമ്പോൾ ആഴ്ചയിൽ രണ്ടേകാൽ മണിക്കൂറിനുവേണ്ടി മാത്രം ഒരു തസ്തിക സൃഷ്ടിക്കപ്പെടുന്ന സാഹചര്യം സംജാതമാകും. അതായത് 5 പ്രവൃത്തി ദിവസങ്ങൾ ഉള്ള ഹയർ സെക്കന്ററിയിൽ അപ്രകാരം നിയമിക്കപ്പെടുന്ന അധ്യാപകന്റെ ജോലിഭാരം ഒരു ദിവസം കേവലം 27 മിനിട്ട് മാത്രമായിരിക്കും. ആയതിനാൽ യഥാവിധി പഠനം നടത്താതെ ഹയർ സെക്കന്ററിയുടെ പ്രാരംഭ കാലഘട്ടത്തിൽ നിശ്ചയിച്ചിരുന്ന 3 അധിക പിരിഡുകൾക്ക് ഒരു ജൂനിയർ തസ്തിക എന്ന മാനദണ്ഡം നിലവിൽ തസ്തിക സൃഷ്ടിക്കുന്നതിന് മാനദണ്ഡമാക്കുന്നത് പ്രായോഗികവും യുക്തിസഹവുമല്ല എന്നതിനാലാണ് മൂന്ന് പീരിയഡുകൾക്ക് പകരം ഏഴോ അതിലധികമോ പീരിയഡുകൾക്ക് ഒരു ജൂനിയർ അധ്യാപക തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവായിട്ടുള്ളത്.** |

| | | | |
|---|---|---|---|
| (സി) | പി.എസ്.സി. കാറ്റഗറി നമ്പർ 246/2017 എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്ന് നടന്ന 142 ഓളം നിയമനങ്ങൾ 2017 ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചാണോ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | എച്ച്.എസ്.എസ്.ടി ജൂനിയർ-ൽ നിന്നും എച്ച്.എസ്.എസ്.ടി-യിലേക്ക് ബൈ ട്രാൻസ്ഫർ നൽകിയത് മൂലം എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ ഉണ്ടായ ഒഴിവുകളും, NJD ഒഴിവുകളും പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തത് പ്രകാരമുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിലാണ് നിയമന ഉത്തരവ് നൽകിയിരുന്നത്. മതിയായ വർക്ക് ലോഡ് ഇല്ലാത്തതിനാൽ 2021 ജനുവരി മാസത്തിൽ ഉദ്യോഗാർത്ഥികളെ ജോയിൻ ചെയ്യിക്കാൻ പ്രിൻസിപ്പൽമാർ വിസമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 08/06/2017-ലെ സ.ഉ (കൈ) 47/2017/പൊ.വി.വ സർക്കാർ ഉത്തരവിലെ മാനദണ്ഡ പ്രകാരം ജൂനിയർ ഇംഗ്ലീഷ് തസ്തികകൾ പുനർനിർണ്ണയിച്ചപ്പോഴാണ് പോസ്റ്റുകൾ കുറയുന്ന അവസ്ഥ സംജാതമായത്. കൂടാതെ സ.ഉ. (സാധാ) നം. 3287/2021/പൊവിവ തിയതി 06/07/2021-ലെ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21, 2021-22 അധ്യായന വർഷത്തിലും തുടരാൻ സർക്കാർ അനുമതി നൽകിയിരുന്നു. |
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് 2017 ലെ ഉത്തരവിന്റെ പേരിൽ നിയമന നിരോധനം നടപ്പാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ അതിന് അടിസ്ഥാനം എന്തായിരുന്നു എന്ന് വിശദമാക്കാമോ? | (ഡി) | 2021 ജനുവരി മാസത്തിൽ സ്കൂൾ പ്രിൻസിപ്പൽമാർ മതിയായ വർക്ക് ലോഡ് ഇല്ലാത്തതിനാൽ ഉദ്യോഗാർത്ഥികളെ ജോയിൻ ചെയ്യിക്കാൻ വിസമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 08/06/2017-ലെ സ.ഉ (കൈ) 47/2017/പൊ.വി.വ സർക്കാർ ഉത്തരവിലെ മാനദണ്ഡ പ്രകാരം തസ്തിക നിർണ്ണയം നടത്തിയപ്പോൾ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷിന്റെ 348 തസ്തികകളിൽ മതിയായ വർക്ക് ലോഡുള്ള 87 തസ്തികകൾ മാത്രമാണ് കണ്ടെത്തിയിട്ടുള്ളത്. അധികം ആയി എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് അധ്യാപകർ സർവീസിൽ തുടരുന്നതിനാൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കേരള പി.എസ്.സി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ